

എമ്മാവൂസ്
വചനദൂത്

ദനഹാക്കാലം
Vol. 9, Issue 39

# വി. സെബസ്ത്യാനോസിന്റെ തിരുനാൾ

ഫാ. റെയ്സൺ കരിയിൽ

ഈശോമിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരങ്ങളെ,

വി. സെബസ്ത്യാനോസിന്റെ നാമഹേതുക തിരുനാളിന്റെ മംഗളങ്ങൾ ആദ്യമേ തന്നെ എല്ലാവർക്കും നേരുന്നു. തിരുനാളുകൾ പതിവാണ്. എന്നാൽ വിശുദ്ധരുടെ രക്തസാക്ഷിത്വം, അവരുടെ വേദസാക്ഷ്യമൊക്കെ നമ്മുടെ ജീവിതത്തിലേയ്ക്ക് ഓരോ തവണയും ഉൾക്കൊള്ളേണ്ട പതിപ്പുകളാണ്. പകർച്ചവ്യാധിയിൽ നിന്നുള്ള മോചനത്തിനും മറ്റ് ഉദ്ദിഷ്ടകാര്യങ്ങൾക്കുമായി നൂറ്റാണ്ടുകളായി കത്തോലിക്കാ വിശ്വാസികൾ വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥ്യം തേടുന്നു. അത്ഭുത പ്രവർത്തകനായ വി. സെബസ്ത്യാനോസിനെ ചേർത്തുവയ്ക്കുമ്പോഴല്ല, ക്രിസ്തുസാക്ഷ്യത്തിനു വേണ്ടി രക്തസാക്ഷിയായ വി. സെബസ്ത്യാനോസിനെ ജീവിതത്തോട് ചേർത്തുവയ്ക്കുമ്പോഴാണ് സെബസ്ത്യാനോസ് എന്ന വേദസാക്ഷിയെ നാം യഥാർത്ഥത്തിൽ വണങ്ങുന്നത്.

നമ്മുടെ ആഘോഷങ്ങൾക്ക്/തിരുനാളുകൾക്ക് അർത്ഥം കൈവരുന്നത് നാം അതിന്റെ അർത്ഥമറിഞ്ഞ് ചെയ്യുമ്പോഴാണ്. വി. സെബസ്ത്യാനോസിനെ വണങ്ങുമ്പോൾ, വിശുദ്ധനെ വധിക്കുവാൻ ഉപയോഗിച്ച അമ്പുകളെ വണങ്ങുമ്പോൾ, വിശുദ്ധന്റെ സ്വരൂപത്തെ നഗരവീഥിയിൽ പ്രദക്ഷിണമായി നാം വഹിക്കുമ്പോൾ, ഏറ്റുപറയേണ്ടതും ഏറ്റുപറയുന്നതും അത്ഭുതപ്രവർത്തകനായ വി. സെബസ്ത്യാനോസിനെയല്ല, പിന്നെയോ, വിശ്വാസത്തിനുവേണ്ടി രക്തസാക്ഷിയായ സെബസ്ത്യാനോസിനെയാണ്.

സഹോദരങ്ങളെ, യേശുക്രിസ്തുവിനു വേണ്ടി രക്തസാക്ഷിയായ വി. സെബസ്ത്യാനോസിനെ വണങ്ങുമ്പോൾ, വിശ്വാസത്തോടെ എന്റെ ജീവിതത്തിൽ ഞാൻ ഏറ്റെടുത്ത സഹനങ്ങൾ, മുറിപ്പാടുകൾ എനിക്കുണ്ടോ, എനിക്കു വേണ്ടി, എന്റെ സഹോദരങ്ങൾക്കു വേണ്ടി, സഭയ്ക്കു വേണ്ടി, സഭാസമൂഹത്തിനു വേണ്ടി... എങ്കിൽ മാത്രമേ വിശുദ്ധന്റെ തിരുസ്വരൂപത്തെ വണങ്ങുമ്പോൾ, അമ്പുകളെ വണങ്ങുമ്പോൾ അർത്ഥമുണ്ടാവുകയുള്ളൂ. നമ്മുടെ വിശ്വാസത്തിന്റെ മുറിപ്പാടുകളെ പരിശോധിക്കുക.

അതുകൊണ്ടാണ് വി. ഫുൾട്ടൺ ജെ ഷീൻ ഇപ്രകാരം പറഞ്ഞുവയ്ക്കുന്നത്. യഥാർത്ഥ സഭ മുറിവേറ്റ സഭയാണ്. യഥാർത്ഥ ക്രിസ്തു മുറിവേറ്റ ക്രിസ്തുവാണ്. അപ്പോൾ യഥാർത്ഥ ക്രിസ്ത്യാനി മുറിയപ്പെടു ന്ന ക്രിസ്ത്യാനി ആവണം.

ഒരു കാര്യം ചെയ്യുമ്പോൾ നമുക്കതിനെ രണ്ടു രീതിയിൽ ചെയ്യുവാൻ സാധിക്കും. ഒന്ന്; സ്വന്തം കടമയായി കണ്ട്, രണ്ട്; എന്റെ സ്നേഹത്തെപ്രതി. നീ മുറിയപ്പെട്ടത്-മുറിവേറ്റത് ജീവിതപങ്കാളിയോടുള്ള നിന്റെ സ്നേഹത്തെ പ്രതിയാണെങ്കിൽ, നിന്റെ മക്കളോടുള്ള സ്നേഹത്തെ പ്രതിയാണെങ്കിൽ, നിന്റെ സഭയോടുള്ള സ്നേഹത്തെ പ്രതിയാണെങ്കിൽ അതിൽ നിന്നുണ്ടാവുന്ന മുറിവുകളെയും നീ സ്വീകരിക്കുക. എന്നാൽ നീ മുറിയപ്പെട്ടത് ഒരു കടമയായിട്ടാണെങ്കിൽ, അതിൽ നിന്നുണ്ടായ മുറിവുകളെ പൂർണ്ണതയോടെ നീ സ്വീകരിക്കുകയില്ല. പലപ്പോഴും അതിന് നീ കണക്ക് പറയും. അപ്പോൾ ആ മുറിവുകളെ വിശുദ്ധന്റെ മുറിവുകളോട് ചേർത്തുവയ്ക്കാനും നിനക്ക് സാധിക്കില്ല.

മുറിയപ്പെടുക എന്നത് ലോകത്തിന്റെ മുമ്പിൽ ഭോഷത്തമാണ്. ആ ഭോഷത്വം എനിക്കും നിങ്ങൾക്കും സ്വീകരിക്കാനാവുന്നില്ലെങ്കിൽ ഡയക്ലീഷൻ ചക്രവർത്തിയുടെ കൽപനപ്രകാരം വധിക്കപ്പെട്ട 'അർദ്ധനഗ്ന മനുഷ്യനെ' വണങ്ങാൻ എനിക്കും നിങ്ങൾക്കും യോഗ്യതയില്ല. വി. മത്തായിയുടെ സുവിശേഷം 10:32 വാക്യത്തിൽ "മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്നവനെ എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റുപറയും." വീണ്ടും 10:38-ൽ നാം കാണുന്നു: "സ്വന്തം കുരിശുമെടുത്ത് എന്നെ അനുഗമിക്കാത്തവൻ എനിക്ക് യോഗ്യനല്ല." നീ കുർബാനയ്ക്ക് അണയുമ്പോൾ വിളിക്കപ്പെടുന്നത് കുർബാനയാവാനാണ്. മുറിയപ്പെടുന്നത് വിശ്വാസത്തിന്റെ മുറിവുകളെ കുർബാനയിലേയ്ക്ക് നൽകാനാണ്.

നമ്മുടെ സഹനത്തിന്റെ മുറിവുകൾ-കുരിശുകൾ ലോകത്തിനു മുമ്പിൽ ഭോഷത്തമാണ്. എന്നാൽ വിശ്വാസത്തിനു മുമ്പിൽ അത് അനുഗ്രഹത്തിന്റെ നീർച്ചാലുകളാണ്-വിശ്വാസത്തിന്റെ സാക്ഷ്യങ്ങളാണ്. വി. പൗലോസ് ശ്ലീഹാ തിമോത്തിയോസിന് എഴുതിയ 2-ാം ലേഖനം 1:8-ൽ പറയുന്നതുപോലെ, ദൈവത്തിന്റെ ശക്തിയിൽ ആശ്രയിച്ച് അവന്റെ സുവിശേഷത്തെ പ്രതിയുള്ള ക്ലേശങ്ങളിൽ നിങ്ങളും പങ്കുവഹിക്കുക. ക്രിസ്തുവനെ പ്രതി രക്തസാക്ഷിയായ വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥ്യം നമുക്ക് ശക്തി പകരട്ടെ.

ആമ്മേൻ.